പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 763 | 14-10-2026-ൽ മറുപടിയ്ക്ക്

<u>പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ആനുകൂല്യങ്ങൾ</u>

<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>

ശ്രീമതി കെ. കെ. രമ

<u>മറുപടി നൽകിയ മന്ത്രി</u>

ശ്രീമതി കെ. എ. തുളസി
(പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി)

**(എ)** 2016-2026 വരെയുള്ള കാലയളവിൽ പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിവിധ ആനുകൂല്യങ്ങൾ എത്ര രൂപയാണ് കുടിശികയായി വിതരണം ചെയ്യാനുണ്ടായിരുന്നതെന്ന് വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

<u>മറുപടി:</u> പട്ടികജാതി വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾക്കായുള്ള പദ്ധതികളിൽ നിലവിൽ കുടിശ്ശികയില്ല.

പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങളിലെ കുടിശികയുടെ വർഷം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

<u>പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്</u>

| ക്രമ നം | വർഷം | തുക |
|---|---|---|
| 1. | 2024-25 | 1,76,19,733/- |
| 2. | 2025-26 | 8,77,73,441/- |

<u>പ്രീ മെട്രിക് സ്കോളർഷിപ്പ്</u>

| ക്രമ നം | വർഷം | തുക |
|---|---|---|
| 1. | 2023-24 | 1,53,000/- |
| 2. | 2024-25 | 57,51,750/- |

**(ബി)** ഇപ്രകാരം കുടിശിക വരാനിടയായതിനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

**<u>മറുപടി:</u>** ഇ-ഗ്രാന്റ്സ് സമ്പ്രദായത്തിലൂടെ ഫീസ് ആനുകൂല്യങ്ങൾ അനുവദിക്കുന്നതിൽ പ്രതിബന്ധങ്ങൾ നേരിട്ടതിനാലാണ് കാലതാമസം ഉണ്ടായത്. 2026-2027 സാമ്പത്തിക വർഷം മുതൽ പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് SNA SPARSH സംവിധാനം മുഖേനയാണ് നടപ്പിലാക്കുന്നത്. പദ്ധതി നടപ്പിലാക്കുന്നതിനായി കേന്ദ്ര വിഹിതമായ ₹18,78,00,000/- (75%) രൂപയും ഇതിന് ആനുപാതികമായ സംസ്ഥാന വിഹിതമായ ₹6,26,00,000/- (25%) ചേർത്ത് ആകെ ₹25,04,00,000/- രൂപയും, പ്രീമെട്രിക്ക് സ്കോളർഷിപ്പ് പദ്ധതി നടപ്പിലാക്കുന്നതിനായി കേന്ദ്ര വിഹിതമായ ₹3,99,00,000/- (75%) രൂപയും ആനുപാതികമായ സംസ്ഥാന വിഹിതമായ ₹1,33,00,000/- (25%) ചേർത്ത് ആകെ ₹5,32,00,000/- രൂപയും അനുവദിച്ചിട്ടുണ്ട്. മുൻവർഷങ്ങളിലെ കുടിശ്ശിക ഉൾപ്പടെയുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**(സി)** പ്രസ്തുത കാലയളവിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി നീക്കി വച്ചിരുന്ന തുക പിന്നീട് വെട്ടിക്കുറയ്ക്കുന്ന സാഹചര്യമുണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**<u>മറുപടി:</u>** 2024-25 സാമ്പത്തിക വർഷത്തെ Plan fund Prioritisation നടത്തിയിട്ടുണ്ട്.

**(ഡി)** എങ്കിൽ ആകെ എത്ര രൂപയാണ് ഇക്കാലയളവിൽ വെട്ടിക്കുറച്ചതെന്നും ഓരോ സാമ്പത്തിക വർഷവും ഓരോ ഇനങ്ങളിലും കുറച്ച തുകകളുടെ വർഷം തിരിച്ചുള്ള കണക്കും ലഭ്യമാക്കുമോ?

**<u>മറുപടി:</u>** 2024-25 സാമ്പത്തിക വർഷത്തെ പട്ടികജാതി വികസന വകുപ്പിന്റെ Plan fund ൽ 449.89 കോടി രൂപ പുനക്രമീകരണം നടത്തിയിട്ടുണ്ട്. പട്ടികവർഗ്ഗ വകുപ്പിന്റെ 2024-2025 വർഷത്തെ ആകെ പദ്ധതി വിഹിതമായ 65400.05 ലക്ഷം രൂപയിൽ RULE 300 പ്രകാരം കുറവ് ചെയ്തു 15200 ലക്ഷം രൂപ കിഴിച്ചുള്ള തുകയായ 50200.05 ലക്ഷം രൂപയിൽ നിന്നും 22.26% കുറവ് ചെയ്ത് പദ്ധതി തുക പുനക്രമീകരിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**